**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6142** **17-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് പുതിയ വ്യവസായ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ വ്യവസായ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉന്നത തലത്തിലുള്ള കൂടിയാലോചനകൾക്കും ചർച്ചകൾക്കും ശേഷം സംസ്ഥാന വ്യവസായ നയം 2023-ന്റെ കരട് അംഗീകരിക്കുന്നതിനുള്ള സർക്കാരിന്റെ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഏവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന ആരോഗ്യകരമായ സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് വ്യവസായ നയത്തിൽ ലക്ഷ്യം വയ്ക്കുന്നു. ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള ഇൻകുബേറ്റർ, ധനസഹായം, എളുപ്പത്തിലുള്ള വായ്പാ ലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായ കേന്ദ്രങ്ങൾ എന്നിവ വഴി സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതും നവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭക സംസ്കാരം വളർത്തുന്നതിനും സംരംഭകർക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടതും അനിവാര്യമാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സംരംഭകത്വ പ്രോത്സാഹനം, അടിസ്ഥാന സൗകര്യ വികസനം, ഹൈടെക്ക് സങ്കേതിക വിദ്യയിലേക്കുള്ള മാറ്റം, നൈപുണ്യവികസനം, വ്യവസായ സൗഹൃദ അന്തരീക്ഷം, കേരളം എന്ന ബ്രാൻഡ് വളർത്തുക, മുൻഗണന മേഖലകളിലൂന്നിയ വ്യവസായവത്കരണം എന്നീ സുപ്രധാന നയ സ്തംഭങ്ങളിലൂന്നിയ വ്യവസായ വളർച്ചയാണ് കരട് വ്യവസായ നയം വിഭാവനം ചെയ്യുന്നത്. ഇതിന്റെ ഫലപ്രാപ്തിക്കായി വ്യവസായവകുപ്പിന്റെയും സർക്കാരിന്റെ മറ്റ് വകുപ്പുകളുടെയും ഏജൻസികളുടെയും സംയുക്തമായ പ്രവർത്തനം സാധ്യമാക്കുന്ന രീതിയിലാണ് വ്യവസായ നയം രൂപീകരിച്ചിട്ടുള്ളത് |
| (ബി) | പുതിയ വ്യവസായനയം രൂപീകരിക്കുന്നുണ്ടെങ്കിൽ | (ബി) | എയ്റോ സ്പേസ് ആൻഡ് ഡിഫെൻസ്, നിർമിത |

| | | | |
|---|---|---|---|
| | ഏതെല്ലാം മേഖലകൾക്ക് മുൻഗണന കൊടുക്കും വിശദമാക്കാമോ; | | ബുദ്ധി, റോബോട്ടിക്സ് മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ, ആയുർവേദം, ബയോടെക്നോളജി ആൻഡ് ലൈഫ് സയൻസസ്, രൂപകൽപന; ഇലക്ട്രിക്ക് വാഹനങ്ങൾ; ഇലക്ട്രോണിക് സിസ്റ്റം രൂപകൽപ്പനയും ഉത്പാദനവും, എഞ്ചിനിയറിങ് ഗവേഷണവും വികസനവും; ഭക്ഷ്യ സാങ്കേതിക വിദ്യകൾ; ഗ്രാഫീൻ; ഉയർന്ന മൂല്യവർധിത റബർ ഉത്പന്നങ്ങൾ; ഹൈടെക് ഫാമിങ്ങും മൂല്യ വർദ്ധിത തോട്ടം വിളയും , ലോജിസ്റ്റിക്സ് ആൻഡ് പാക്കേജിങ് ; മാരിടൈം മേഖല; മെഡിക്കൽ ഉപകരണങ്ങൾ ; നാനോ ടെക്നോളജി; ഫാർമസ്യൂട്ടിക്കൽസ്; റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും; പുനരുപയോഗ ഊർജം ; ചില്ലറ വ്യാപാര മേഖല; വിനോദസഞ്ചാരവും ആതിഥേയത്വവും ; 3D പ്രിന്റിങ്ങ് എന്നീ ഇരുപത്തി രണ്ട് മേഖലകളാണ് പുതിയ വ്യവസായ നയത്തിൽ മുൻഗണന മേഖലകൾ ആയി കണക്കാക്കുന്നത്. |
| (സി) | പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലകളായ ആയുർവേദം, ഭക്ഷ്യസംസ്കരണം , റബ്ബർ, കപ്പൽ നിർമാണം എന്നിവയ്ക്ക് കരട് വ്യവസായ നയത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. ഇത് കൂടാതെ കരകൗശല മേഖലയുടെ വളർച്ചയ്ക്കായി നൂതന ഡിസൈൻ മാതൃകകൾ പ്രയോജനപ്പെടുത്തുന്നതും നയത്തിൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. നയത്തിന്റെ ഭാഗമായുള്ള നൈപുണ്യ വികസന പരിപാടികൾ , ഇ- കോമേഴ്സ് സംവിധാനങ്ങൾ, ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് പദ്ധതികൾ,ലോജിസ്റ്റിക്സ് മേഖലയിലെ വികസനങ്ങൾ, കേരള ബ്രാൻഡ് നിർമാണം എന്നിങ്ങനെ പരമ്പരാഗത മേഖലകൾ ഉൾപ്പടെയുള്ള എല്ലാ വ്യവസായ മേഖലകളിലുള്ളവർക്കും പ്രയോജനമാകുന്ന രീതിയിലാണ് നയം വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ